പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 798     03.12.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## അട്ടപ്പാടിയിലെ ആദിവാസികൾക്ക് ചികിൽസാ സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം അട്ടപ്പാടിയിലെ 192 ഊരുകളിലായി ജീവിക്കുന്ന ആദിവാസി സ്ത്രീകൾ, ഗർഭിണികൾ, ഗർഭസ്ഥ ശിശുക്കൾ, കുട്ടികൾ, വൃദ്ധർ ഉൾപ്പെടെ കുടുംബങ്ങൾക്ക് വേണ്ട ചികിത്സയോ, ചികിത്സാസഹായമോ ലഭ്യമാകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അട്ടപ്പാടിയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ അധികമായി തസ്തിക സൃഷ്ടിച്ച് ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ അടക്കമുള്ളവരെ നിയമിക്കുകയും ദേശീയ ആരോഗ്യ ദൗത്യം വഴി താൽക്കാലിക ജീവനക്കാരെ നിയമിക്കുകയും ആവശ്യമായ ലബോറട്ടറി ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഗർഭിണികളുടെയും 5 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളുടെയും ആരോഗ്യ വിവരം മോണിറ്റർ ചെയ്യാൻ ജാതക്-ജനനി എന്ന കമ്പ്യൂട്ടർവൽകൃത പദ്ധതി ആവിഷ്കരിച്ചും വേണ്ട സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. |
| (ബി) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ ആരോഗ്യവകുപ്പിന്റെ വീഴ്ചകൾമൂലവും, പോഷകാഹാര കുറവുമൂലവും മരണപ്പെട്ട ഗർഭിണികൾ, ഗർഭസ്ഥ ശിശുക്കൾ, കുട്ടികൾ, ആദിവാസി അമ്മമാർ, വൃദ്ധർ തുടങ്ങിയവർ എത്രപേരാണെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ ; | (ബി) പോഷകാഹാരക്കുറവ് മൂലം അട്ടപ്പാടിയിൽ ഗർഭിണികൾ, കുട്ടികൾ, ആദിവാസി അമ്മമാർ, വൃദ്ധർ തുടങ്ങിയവർ ആരും മരണപ്പെട്ടിട്ടില്ല. ഗർഭസ്ഥ ശിശുക്കൾ അമ്മയുടെ പോഷകാഹാര കുറവ് മൂലം തൂക്കക്കുറവോടെ ജനിക്കുകയും തുടർന്ന് പല അസുഖങ്ങൾ ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അട്ടപ്പാടിയിൽ മരിച്ച ശിശുക്കളുടെ കണക്ക് ചുവടെ ചേർക്കുന്നു.<br>2011 - 3, 2012 - 16, 2013 - 31, 2014 - 13 |
| (സി) ആരോഗ്യവകുപ്പിന്റെ സേവനം ലഭ്യമാകാത്തതിനാൽ മറ്റു സംസ്ഥാനങ്ങളിൽപ്പോയി ചികിത്സ തേടുന്ന ഇവർക്ക് ചികിത്സാസഹായമോ, മരണപ്പെട്ടവരെ നാട്ടിലെത്തിക്കുന്നതിനു സഹായമോ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള അവസരങ്ങളിൽ ട്രൈബൽ വകുപ്പിനെ അറിയിക്കുകയും വേണ്ട സേവനങ്ങൾ ലഭ്യമാക്കുവാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഇവർക്ക് സഹായം ലഭ്യമാക്കാൻ തയ്യാറാകാത്ത ആരോഗ്യവകുപ്പുദ്യോഗസ്ഥർ ആരെല്ലാം ; ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ഡി) | ആരോഗ്യ വകുപ്പിൽ നിന്നും സാദ്ധ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. |
| (ഇ) | അട്ടപ്പാടിയിൽ ആദിവാസികൾക്ക് ചികിത്സാസഹായം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ട്രൈബൽ ആശുപത്രികളിൽ വേണ്ടുന്ന ജീവനക്കാരോ മരുന്നുകളോ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, ഇതു പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്നു വ്യക്തമാക്കുമോ ? | (ഇ) | കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിലുള്ള തസ്തികകളിൽ എല്ലാം തന്നെ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ 15 ജീവനക്കാരെ കരാർ അടിസ്ഥാനത്തിലും എച്ച്.ഡി.സി. വഴിയും നിയമിച്ചിട്ടുണ്ട്. അഗളി സി.എച്ച്.സി. യിൽ ഒരു ഗൈനക്കോളജിസ്റ്റിനെയും പീഡിയാട്രീഷ്യനെയും നിയമിച്ചിട്ടുണ്ട്. അവർ ഉടൻ ജോലിയിൽ പ്രവേശിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ലഭ്യമല്ലാത്ത മരുന്നുകൾ ട്രൈബൽ വകുപ്പിന്റെ സഹായത്തോടെ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ